KPB Nidhi Ltd.
Approved by Govt. of India-ESTD 1989
KPB Mandir,Sangeetha Sabha Road,Aluva-683101. Phone:0484-2922000,2922060
CIN:U65991KL1989PLC005448 headoffice@kpbnidhi.com,www.kpbnidhi.com

**<u>TRANSCRIPT OF THE 31ST ANNUAL GENERAL MEETING OF M/S KPB NIDHI LIMITED HELD AT 11.30 AM ON MONDAY SEPTEMBER 28TH 2020 THROUGH VIDEO CONFERENCE.</u>**

**ചെയർമാൻ**

നമ്മുടെ ആനുവൽ ജനറൽ ബോഡി നമ്മൾ ആരംഭിക്കയുകയാണ് . .

അസാധാരണ പരിതസ്ഥിതിയിൽ  ആണ് നമ്മൾ ഇത്തവണ കൂടുന്നത് .

വർഷത്തിൽ ഒരിക്കൽ നമ്മൾ എല്ലാവരും ഒന്നിച്ചുകൂടുകയും പരസ്പരം നമ്മുടെ സ്നേഹപ്രകടനങ്ങളും പങ്കുവയ്ക്കലുമൊക്കെ ചെയ്യാറുണ്ടായിരുന്നു പക്ഷേ ഈ വർഷം അത് സാധ്യമല്ല , ഓൺലൈൻ ആയിട്ട് ആണ് ഈ വർഷത്തെ AGM നടക്കുന്നത്.

നമ്മുടെ, കിട്ടിയ വിവരം അനുസരിച്ചിട്ട്, കോറം പൂർത്തിയായിട്ടുണ്ട്. കോറത്തിനു ആവശ്യമുള്ളതിനേക്കാൾ കൂടുതൽ ആളുകൾ ഇപ്പോൾ തന്നെ ലോഗിൻ ചെയ്തിട്ടുണ്ട് അതുകൊണ്ട് ഈ യോഗം നമ്മൾ ഇവിടെ  ഈ സമയത്ത് ആരംഭിക്കയുന്നു.

ഈശ്വര പ്രാര്ഥനയോടു കൂടി നമ്മുടെ ആനുവൽ ജനറൽ ബോഡി നമുക്ക് ആരംഭിക്കാം

മറ്റു ഔപചാരിക ചടങ്ങുകളിലേക്ക് കടക്കുന്നതിനു മുൻപ് കഴിഞ്ഞ വർഷം നമ്മെ വിട്ടുപോയ നമ്മുടെ സഹപ്രവർത്തകർ, നമ്മുടെ സമൂഹത്തിൽ വ്യക്തി മുദ്ര പതിപ്പിച്ചവർ പ്രകൃതിക്ഷോഭംകൊണ്ടും മറ്റു ദുരന്തങ്ങൾകൊണ്ടും അകാലത്തിൽ നമ്മെ വിട്ടുപിരിയേണ്ടി വന്നവർ അങ്ങനെ ഉള്ള എല്ലാവരെയും

നമുക്ക് സ്മരിക്കുകയും അവർക്കു അനുസ്മരണം രേഖപ്പെടുത്തുകയും ചെയ്യണ്ടതായിട്ടുണ്ട്.

കെപിബിയെ സംബന്ധിച്ചോളം, കെപിബിയുടേ വളർച്ചയിൽ വളരെ വലിയ ഒരു പങ്കുവഹിച്ച വ്യക്തിത്വം ആയിരുന്നു ശ്രീ രാജേന്ദ്രൻ ... രാജ്കുമാർ സോറി രാജ്കുമാർജി ... ആലുവയിൽ ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ് , മേനോൻ സാറിന്റെ ശിക്ഷ്യനായിരുന്നു. അസുഖം ബാധിച്ചു കഴിഞ്ഞ വർഷം ചെറിയപ്രായത്തിൽ നമ്മെ വിട്ടു പിരിയുകയുണ്ടായി.

നമ്മുടെ സ്ഥാപനത്തിന്റെ വളർച്ചയിൽ വളരെ ക്രിയാത്മകമായ, സർഗാത്മകമായ നിർദേശങ്ങൾ കൊണ്ട് ഈ പ്രസ്ഥാനത്തെ ശക്തിപെടുത്തിയിട്ടുള്ള വ്യക്തിത്വമാണ് ശ്രീ രാജ്കുമാർജി. അദ്ദേഹത്തിന്റെ നഷ്ട്ടം കെ പി ബി യെ സംബന്ധിച്ചിടത്തോളം ഒരു വലിയ നഷ്ട്ടം തന്നെയാണ്.

അതുപോലെ തന്നെ കഴിഞ്ഞവർഷം നമ്മൾ നിശ്ചയമായും പേര് എടുത്തു അനുസ്മരിക്കേണ്ട വ്യക്തിത്വമാണ് അടുത്ത ഇടയ്ക്കു നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ മുൻ പ്രസിഡന്റ് ശ്രീ. പ്രണബ് കുമാർ മുഖർജി . അന്തർദേശിയ തലത്തിൽ തന്നെ ഒരു സ്റ്റേറ്റ്മാൻ എന്ന രീതിയിൽ അംഗീകാരം നേടിയിട്ടുള്ള മഹത് വ്യക്തിത്വമായിരുന്നു പ്രണബ് കുമാർ മുഖർജി എന്നുള്ള കാര്യം നമുക്ക് എല്ലാവർക്കും അറിയാവുന്ന കാര്യം ആണ് . അതുപോലെ സംഗീത ലോകത്തു തന്റെതായ സിംഹാസനം തന്നെ സൃഷ്ട്ടിച്ചു എടുത്ത ആള് ആണ് കഴിഞ്ഞ ദിവസം നമ്മെ വിട്ടുപിരിഞ്ഞ ശ്രീ. SP ബാലസുബ്രമണ്യം . നാല്പത്തിനായിരത്തിലേറെ സിനിമ പാട്ടുകൾ പാടി ലോക റെക്കോർഡ് തന്നെ അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്. കോവിടിന്റെ പശ്ചാത്തലത്തിലും അദ്ദേഹം പൊതുപരിപാടിയിൽ ചിലതിൽ പങ്കെടുക്കുകയും അതിൽനിന്നും കോവിഡ് കിട്ടിയെന്നും ആണ് ഇപ്പോൾ എല്ലാവരും പറയുന്നത്. ആ തരത്തിൽ കോവിഡ് ബാധിച്ചു കോവിഡിൽനിന്നും മുക്തമായെങ്കിലും ബാക്കി അസുഖങ്ങൾ അദ്ദേഹത്തിന് ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹം മരണത്തിനു കീഴടങ്ങി നമ്മെ വിട്ടുപിരിഞ്ഞു, അദ്ദേഹത്തിനെ നമ്മൾ അനുസ്മരിക്കേണ്ടതായിട്ടുണ്ട്.

അതുപോലെതന്നെയാണ് കഴിഞ്ഞ ദിവസം...ഇന്നലെ, മുൻ വിദേശകാര്യ മന്ത്രി, ധനകാര്യ മന്ത്രി അതുപോലെതന്നെ ഡിഫെൻസ് മിനിസ്റ്റർ എന്ന രീതിയിലൊക്കെ പ്രവർത്തിച്ചിരുന്ന ആദരണീയനായ ശ്രീ.ജസ്വന്ത് സിംഗ്ജി .സൈനികസേവനത്തിനു ശേഷം രാഷ്ട്ര സേവനത്തിനു വേണ്ടി ജീവിതം ഒഴിഞ്ഞു വെച്ചിട്ടുള്ള മഹത്വ്യക്തിത്വമായിരുന്നു ജസ്വന്ത് സിങ്ജിയുടെ. അതുപോലെ, കഴിഞ്ഞ വർഷം ഉണ്ടായ പ്രളയത്തിലും, ഇപ്പോൾ ഈ കോവിഡ് എന്ന മഹാമാരിയിലും അകാലത്തിൽ നമ്മെ വിട്ടുപിരിയേണ്ടി വന്ന നമ്മുടെ ദേശവാസികളായിട്ടുള്ള നമ്മുടെ സഹോദരി സഹോദരന്മാരെ ഈ സമയത്ത് അനുസ്മരിക്കുന്നു.

നമ്മുടെ കുടുംബത്തിൽപ്പെട്ട പലേ ആളുകളും അവരുടെ ബന്ധുജനങ്ങളും ഈ കാലഘട്ടത്തിൽ നമ്മെ വിട്ടുപിരിഞ്ഞതായി നമ്മൾക്കു എല്ലാവർക്കും അറിയാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ഉള്ള എല്ലാവർക്കും, എല്ലാവരെയും ഈ സമയത്ത് അനുസ്മരിക്കുകയും എല്ലാവരുടെയും ആത്മാവിന്റെ മോക്ഷത്തിനു വേണ്ടി, സദ്ഗതിക്കുവേണ്ടി പ്രാർത്ഥിക്കുകയും അവർ എല്ലവരെയും ഒരു നിമിഷം മൗനമായി നമ്മൾ എല്ലാവരും അനുസ്മരിച്ചു അതിനുശേഷം പൂർണ്ണമദഃ പൂർണ്ണമിദം... എന്ന ശാന്തി മന്ത്രത്തോടുകൂടി അടുത്ത കാര്യപരിപാടിയിലേക്ക് നമുക്ക് പ്രവേശിക്കാം.

**ॐ पूर्णमदः पूर्णमिदम् पूर्णात् पूर्णमुदच्यते |**
**पूर्णस्य पूर्णमादाय पूर्णमेवावशिष्यते ||**
**ॐ शान्तिः शान्तिः शान्तिः ||**

ഈ വാർഷിക പൊതുയോഗം നമ്മൾ ഓൺലൈൻ ആയിട്ട് നടത്തുന്നതുകൊണ്ട് സാധാരണഗതിയിൽ നമ്മൾ ഒന്നിച്ചുകൂടി നമ്മുടെ കണക്കുകളും, അതുപോല തന്നെ ഡയറക്ടർ ബോർഡിലേക്കുള്ള നോമിനേഷനൊക്കെ നമ്മൾ പാസാക്കുന്നത്, ഇത്തവണ ഓൺലൈൻ ആയിട്ടു തന്നേ ചെയ്യണ്ടതായിട്ടു വന്നിട്ടുണ്ട്.അതുകൊണ്ട് അതിന്റെ നിബന്ധനകള്, നമുക്ക് എല്ലവർക്കുമറിയാം അപ്പൊ അതിന്റെ, വിശദമായി എല്ലാവർക്കും സർക്കുലർ അയച്ചിട്ടുണ്ട്. നമ്മൾ വോട്ടിംഗ് പറയുന്ന സമയത്ത്, പ്രമേയങ്ങൾ അവതരിപ്പിച്ചു വോട്ടിംഗ് പറയുന്ന സമയത്ത് എല്ലാവരും വോട്ട് ചെയ്യാൻ റെഡിയായി വോട്ട് ചെയ്യണം എന്ന് അഭ്യർത്ഥിക്കുകയാണ് ഈ സമയത്ത് .

ഈ യോഗത്തിനു, ഔപചാരികമായി സ്വാഗതം ആശംസിക്കാൻ നമ്മുടെ മാനേജിങ് ഡയറക്ടർ ശ്രീ. മുരളീധരൻ സാറിനെ ക്ഷണിക്കുന്നു.

**ശ്രീ. മുരളീധരൻ:** താങ്ക് യു.

ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്, എല്ലാവർക്കും അറിയാവുന്നതാണ് “Man Proposes but God Disposes”. മനുഷ്യൻ എന്തൊക്കെ ആഗ്രഹിച്ചാലും അതിനു അവസാന തീരുമാനം എടുക്കേണ്ടത് ദൈവം ആണ്.

കഴിഞ്ഞ സെപ്റ്റംബർ 18 നു, അതായത് 2019 സെപ്റ്റംബർ 18 നു, നമ്മൾ
30താമത്തെ ആനുവൽ ജനറൽ ബോഡി മീറ്റിംഗ് കേശവ സ്മൃതിയിൽ വെച്ച് നടത്തുക ഉണ്ടായി. അന്ന് അവിടുത്തെ ഏറ്റവും വലിയ ഹാളിൽ ആണ് നമ്മൾ നടത്തിയത്. അത് overflow ചെയ്യുകയായിരുന്നു. അതും അത് താങ്ങാൻ പറ്റാത്ത അത്രയും നമ്മുടെ കുടുംബാംഗങ്ങൾ അന്ന് അതിൽ പങ്കു എടുക്കുകയുണ്ടായി .

അപ്പോൾ ആ മീറ്റിംഗ് കഴിഞ്ഞപ്പോള് ജഗദീശൻ സാറുമായിട്ടു ഞാൻ ഇരുന്നു സംസാരിച്ചപ്പോൾ നമ്മൾ തീരുമാനം എടുത്തു, അടുത്ത മീറ്റിംഗ് ടൗൺ ഹാളിൽ വെച്ച് നടത്തേണ്ടിവരും എന്നാലേ ഇത്രയും അധികം പേരെ accomodate ചെയ്യാൻ പറ്റുകയുള്ളു എന്നുള്ളത് . അന്നൊക്കെ ദൈവം മുകളിൽ ഇരുന്നു ചിരിക്കുക ആയിരുന്നു എന്ന് തോന്നുന്നു ഇവർ എന്താ ചെയ്യാൻ പോകുന്നത് എന്ന് നോക്കാല്ലോ എന്ന് കരുതിയിട്ട് . ഇന്ന് നമ്മൾ ഈ സ്ഥിതിയിൽ ആണ്, ഇത് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന കാര്യം നമ്മൾക്ക് എല്ലാവർക്കും അറിയാവുന്നതാണ്. ബീർബൽ പറഞ്ഞതുപോലെ ഈ കാലവും കടന്നുപോകും എന്ന് പ്രത്യാശിക്കാം. എല്ലാം നല്ലതേ വരുള്ളൂ എന്ന് നമ്മൾ പ്രതീക്ഷിയ്ക്കാം, ഈശ്വരനോട് പ്രാർത്ഥിക്കാം. നമുക്ക് അതിൽകൂടുതലായി ഒന്നും ചെയ്യാൻ ഇല്ല. മനുഷ്യൻ എത്രത്തോളം നിസ്സഹായൻ ആണ് എന്ന് നമ്മൾ ഇപ്പോൾ മനസിലാക്കി കൊണ്ട് ഇരിക്കുകയാണ്. Let us pray. ലോകാ സമസ്താ സുഖിനോ ഭവന്തു എന്നുള്ള ഭാരത വാക്യം നമ്മൾ അത് ഒന്നുകൂടെ ആവർത്തിച്ച് പ്രാർത്ഥിക്കാം. ഞാൻ എന്റെ കർത്തവ്യത്തിലേക്കു കടക്കട്ടെ.

കെപിബി നിധി എന്ന പേര് പറയുമ്പോൾ തന്നെ അതിന്റെ കൂടെ പറയേണ്ട പേര് ആണ് മേനോൻ സർ, കാരണം മേനോൻ സർ ഇല്ലെങ്കിൽ കെപിബി നിധി ഇല്ല . അദ്ദേഹം കഴിഞ്ഞ 31 കൊല്ലമായിട്ടു സ്വന്തം കുഞ്ഞിനെ പോലെ വളർത്തിക്കൊണ്ടു വരുന്ന സ്ഥാപനമാണ് ഇത് . ഈ സ്ഥാപനത്തിന്റെ എല്ലാ പരിപാടികളും, അദ്ദേഹം ഇല്ലാതെ ഒരു പരിപാടിപോലും നമുക്ക് നടത്താൻ..... നടത്തേണ്ടി വന്നിട്ടില്ല. ഇപ്പോഴും, ഈ പരിപാടിക്ക് വിളിച്ചപ്പോളും അദ്ദേഹം സന്തോഷപൂർവം സ്വീകരിക്കുകയും നമ്മോടൊപ്പം ഉണ്ടാവുകയും ചെയ്തിട്ടുണ്ട് .അദ്ദേഹത്തിനെ ഞാൻ ഹാർദ്ദമായിട്ടു സ്വാഗതം ചെയുന്നു.

ഇനി നമ്മുടെ ചെയർമാൻ. ചെയർമാൻ എന്ന് പറഞ്ഞാൽ സാധാരണ, ഒരു കമ്പനിയുടെ ചെയർമാൻ എന്ന് വെച്ചാൽ its only an ornamental post. പക്ഷേ, നമ്മുടെ ചെയർമാൻ ശരിക്കും വളരെ ആക്ടീവായിട്ടുള്ള, fully ആക്ടിവായിട്ടുള്ള ഒരു ചെയർമാൻ ആണ്. അദ്ദേഹം നമ്മുടെ 82 ആമത്തെ ബ്രാഞ്ച് മാത്രമേ വിസിറ്റ് ചെയ്യാത്തതുള്ളൂ . വടക്കെഞ്ചേരിയില് കഴിഞ്ഞ ജൂലൈ 2 ആം തീയതി ഓപ്പൺ ചെയ്ത ബ്രാഞ്ചിൽ, ഞാൻ നിർബന്ധിച്ചിട്ടു ആണ് അദ്ദേഹം പങ്കു എടുക്കാതിരുന്നത്, കാരണം ഈ കോവിഡിന്റെ പശ്ചാത്തലത്തിൽ നമ്മളായിട്ട് unnecessary exposed ആവണ്ടാ എന്ന് കരുതി മാത്രം പറഞ്ഞു, പിടിച്ചു വലിച്ചപ്പോൾ ആണ് അദ്ദേഹം മാറിനിന്നതു. അല്ലെങ്കിൽ അതുകൂടി പങ്കെടുക്കുമായിരുന്നു. ഇപ്പോൾ 10 മണിക്ക് ഉള്ള മീറ്റിങ്ങിനു അദ്ദേഹം 9 .45 ഇന് മുൻപ് തന്നെ നമ്മുടെ കൂടെ ഉണ്ട്, ഈ പ്രോഗ്രാം inaugrate ചെയ്തതും അദ്ദേഹം തന്നെ ആണ്, അദ്ദേഹത്തെയും ഹാർദ്ദമായി ഞാൻ സ്വാഗതം ചെയ്യുകയാണ്.

ആമേട തിരുമേനി, ഒരു മനുഷ്യന്റെ- to know the character of a person, it is easy to know the circle in which he mingles with- ഒരു മനുഷ്യന്റെ സുഹൃത്ത് വലയം എന്താണോ അതാണ് അയാളുടെ character നിശ്ചയിക്കുന്നത്. അത് സ്ഥാപനത്തിനും ബാധകമാണ്. ആമേടതിരുമേനിയെ പോലെ ഉള്ള ആള് നമ്മുടെ സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡിൽ ഉണ്ടെന്നു പറഞ്ഞാൽ അതിൽ കൂടുതലായിട്ടു നമുക്ക് ഒരു explanation ഉം വേണ്ടാ, നമ്മുടെ credibility യെ കുറിച്ച് പറയാൻ വേറെ ഒരു explanation ഉം വേണ്ട എന്ന് ആണ് എന്റെ പൂർണ ബോധ്യം. അദ്ദേഹം നമ്മോടൊപ്പം ഉണ്ട്, അദ്ദേഹത്തിനെയും ഞാൻ സ്വാഗതം ചെയ്യുകയാണ്.

മാധ്യമ ധർമം എന്താണെന്നു ജനത്തിനെ മനസിലാക്കി കൊടുത്ത ജനം TV, അതിന്റെ മാനേജിങ് ഡയറക്ടറായ ശ്രീ. വിശ്വരൂപന് സാർ, all along he has been with us, നമ്മുടെ കൂടെ എപ്പോഴും നമുക്ക് ഒരു ഉർജ്ജശ്രോതസ്സായിട്ടു അദ്ദേഹം ഉണ്ട്, അദ്ദേഹം നമ്മുടെ മീറ്റിംഗിൽ പങ്കെടുക്കുന്നുണ്ട് അദ്ദേഹത്തെയും ഞാൻ ഹാർദ്ദമായി സ്വാഗതം ചെയുകയാണ്.

ശ്രീ. വിഷ്ണു പ്രസാദ് , നമ്മുടെ ചാർട്ടേർഡ് അക്കൗണ്ടന്റായിട്ടുള്ള ഡയറക്ടർ ബോർഡ് മെമ്പർ ആണ്. തിരക്കിട്ട ജോലികൾക്കു ഇടയിൽ പോലും നമ്മുടെ ആനുവൽ ജനറൽ ബോഡി മീറ്റിംഗിൽ അദ്ദേഹം നമ്മുടെ ഒപ്പം ഉണ്ട്, അദ്ദേഹത്തെയും ഞാൻ സ്വാഗതം ചെയുകയാണ് .

ശ്രീ. രാജേഷ്, അതുപോലെ കോട്ടയത്തു നിന്നുമുള്ള ചാർട്ടേർഡ് അകൗണ്ടൻറ് ആണ്, അദ്ദേഹത്തിന്റെ പിതാവ് ശ്രീ. MS Padmanabhan സാർ, അദ്ദേഹം കഴിഞ്ഞ വർഷം വരെ നമ്മുടെ ഡയറക്ടർ ബോർഡിൽ ഉണ്ടായിരുന്നതാണ്. MSP സാറും രാജേഷ് സാറും കൂടി ഒരുമിച്ചു ആണ് വന്നിരിക്കുന്നത്, മീറ്റിംഗിൽ പങ്കെടുക്കാനായിട്ടു. രണ്ടു പേരെയും ഞാൻ ഹാർദ്ദമായി സ്വാഗതംചെയ്യുകയാണ്.

ശ്രീ. വിനു കൃഷ്ണൻ, KPB Holdings ഇന്റെ, CEO ആണ്, നമ്മുടെ ഒരു കുടുംബാംഗമാണ്, അദ്ദേഹം നമ്മോടൊപ്പം കൂടിയിട്ടുണ്ട്, അദ്ദേഹത്തെയും ഞാൻ സ്വാഗതം ചെയുന്നു.

പിന്നെ ഈ കമ്പനിയുടെ ജോയൻറ് മാനേജിങ് ഡയറക്ടറായി, ഹോൾ ടൈം ഡയറക്ടർ ആയിട്ട് കഴിഞ്ഞ ഒക്ടോബറിൽ ജോയിൻ ചെയ്ത, ശ്രീ. മുരളീധരൻ, അദ്ദേഹം എന്റെ colleague ആണ് അദ്ദേഹം Dhanlaxmi ബാങ്കിൽ നിന്നും 38 വർഷത്തെ സർവീസിനു ശേഷം DGM ആയിട്ട് റിട്ടയർ ചെയ്ത ആള് ആണ്. From last October onwards he is with us. അദ്ദേഹം നമ്മോടൊപ്പം ജോയിൻ ചെയ്തിട്ടുണ്ട്, അദ്ദേഹത്തിനെയും ഞാൻ സ്വാഗതം ചെയുകയാണ്.

ജഗദീശൻ സാർ , കഴിഞ്ഞ ഫെബ്രുവരി, ..... 2018 ഫെബ്രുവരി വരെ ഈ കമ്പനിയുടെ നെടുനായക സ്ഥാനം വഹിക്കുകയും ഈ സ്ഥാപനത്തെ മുന്നോട്ടു നയിക്കുകയും ചെയ്‌തിരുന്ന ആള് ആണ്. എല്ലാ പരിപാടികളും അഡ്വൈസർ എന്ന role ഇൽ അദ്ദേഹം നമ്മേ സഹായിച്ചുകൊണ്ട് ഇരിക്കുന്നുണ്ട്. ഈ മീറ്റിംഗിലും അദ്ദേഹത്തിനെ വിളിച്ചു പറഞ്ഞപ്പോഴേക്കും അദ്ദേഹം physical ആയിട്ട് present ആവും എന്ന് agree ചെയുകയും അദ്ദേഹം എത്തുകയും ചെയ്തു. സമയത്തിനു തന്നെ എത്തിയിട്ടുണ്ട്, അദ്ദേഹത്തെയും ഞാൻ ഹാർദ്ദമായി സ്വാഗതംചെയ്യുന്നു.

ശ്രീ. രാജേന്ദ്രൻ നമ്മുടെ മുൻ ചെയർമാൻ ആണ്,പെരുമ്പാവൂരിൽ താമസിക്കുന്നു . അദ്ദേഹം 10 വർഷത്തെ കാലാവധിക്കുശേഷം ആണ് ഡയറക്ടർ ബോർഡിൽ നിന്നും മാറി നില്ക്കുന്നത് പക്ഷേ നമ്മുടെ എല്ലാ പരിപാടികളിലും അദ്ദേഹം ക്ഷണിച്ചുകഴിഞ്ഞാൽ ഉടനെ എത്തി നമ്മോടൊപ്പം സഹായിക്കുകയും പരിപാടികൾ മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കുകയൂം ചെയുന്ന ആള് ആണ്. അദ്ദേഹത്തെയും ഞാൻ ഹാർദ്ദമായി സ്വാഗതം ചെയുന്നു.

ഇനി ഒരു special invitee കൂടി ഉണ്ട്, ശ്രീ. മോഹനചന്ദ്രൻ, അദ്ദേഹം ഫെഡറൽ ബാങ്കിൽ നിന്നും സ്തുത്യർഹമായ സേവനത്തിന് ശേഷം VRS എടുത്ത് പത്തനംതിട്ട ഭാഗത്തു social services നടത്തിക്കൊണ്ടിരുന്ന ആളാണ്. നമ്മെ special ക്ഷണം സ്വീകരിച്ചു നമ്മോടൊപ്പം പങ്കുചേരാനായിട്ടു അദ്ദേഹം പത്തനംത്തിട്ടയിൽ നിന്നും ഇവിടെ എത്തിയിട്ടുണ്ട്, അദ്ദേഹത്തെയും ഞാൻ സ്വാഗതം ചെയുകയാണ്.

രണ്ടു ഡയറക്ടർ ബോർഡ് അംഗങ്ങൾ ജയപ്രകാശ് വല്യത്താൻ സാർ , മാവേലിക്കരയിൽനിന്നും , പൊയിലക്കട രാജൻ നായർ സാർ, കൊല്ലത്തു നിന്നും virtual ആയിട്ട് നമ്മോടൊപ്പം ഉണ്ട് ഈ മീറ്റിംഗിൽ. അവരെ രണ്ടുപേരെയും ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുകയാണ് . കൂടാതെ ശർമ്മ സാർ, നേരത്തെ മാനേജിങ് ഡയറക്ടർ ആയിരുന്നു, പിന്നെ ചെയർമാൻ ആയിരുന്നു , പത്തുകൊല്ലത്തെ കാലാവധിക്ക് ശേഷം അദ്ദേഹം പുറത്തു നിൽക്കുകയാണ് . അദ്ദേഹം ഇപ്പോൾ കെപിബി ചിറ്റ്സ് എന്ന സഹോദര സ്ഥാപനത്തിന്റെ മാനേജിങ് ഡയറക്ടർ കൂടി ആണ്. അദ്ദേഹവും virtual ആയിട്ട് നമ്മോടൊപ്പം ജോയിൻ ചെയ്തിട്ടുണ്ട്, അദ്ദേഹത്തെയും ഞാൻ സ്വാഗതം ചെയുകയാണ്.

അതുകൂടാതെ നമ്മുടെ 70000 വരുന്ന shareholders ഇൽ നല്ലൊരു ശതമാനം ആള്ക്കാര് ഇപ്പൊ ഇതിൽ ജോയിൻ ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞു, virtual ആയിട്ട് ജോയിൻ ചെയ്തിട്ടുണ്ട്, ഈ വീഡിയോ കോൺഫെറൻസിങ്ങിൽ ജോയിൻ ചെയ്തിട്ടുണ്ട് അവർ ഓരോരുത്തരെയും , പേര് എടുത്തു പറയാൻ പറ്റില്ല ,

എല്ലാവരെയും ഞാൻ സ്വാഗതം ചെയ്യുകയാണ് ഈ മീറ്റിംഗിലേക്കു, ഇത് successful ആക്കാൻ സഹായിച്ചതിനു വളരെ നന്ദി , നമസ്കാരം, Thank You.

**ചെയർമാൻ**

അധ്യക്ഷന്റെ പ്രസംഗം എന്ന് ആണ് ഇനി വെച്ചിട്ടുള്ളത്.

ആദ്യമേ ഒരു അപേക്ഷ, E- മുഖാന്തരം അല്ലെങ്കിൽ ഇലക്ട്രോണിക്സ് മുഖാന്തരം നമ്മളുമായി connect ചെയ്തിട്ടുള്ള ആള്ക്കാരോട്, ഈ യോഗം അവസാനിക്കുന്നത് വരെ നിങ്ങൾ തുടർച്ചയായി ഓൺ ചെയ്തു തന്നെ ഇതിന്റെ ഭാഗമായി ഉണ്ടാവണം. അങ്ങനെ വന്നാൽ മാത്രമേ യോഗത്തിൽ പങ്കു എടുത്തതായി നമുക്ക് രേഖപ്പെടുത്താൻ കഴിയുകയുള്ളു, അതുകൊണ്ട് ആരംഭത്തിൽ കേട്ടു, ഇനി ഭംഗിയായി നടക്കും എന്ന് വിചാരിച്ചു switch off ചെയ്തു പോകരുത്, അവസാനിക്കുന്നത് വരെ ഇതിന്റെ ഭാഗമായി തുടരുകയും കൃതജ്ഞത പറഞ്ഞതിന് ശേഷം മാത്രം off ചെയുകയും ചെയ്യണം എന്ന് ആദ്യമേ വിനീതമായിട്ടു അഭ്യർത്ഥിക്കുകയാണ്.

കെപിബി നിധി, അതിന്റെ ഓരോ വാർഷിക പൊതുയോഗത്തിലും പങ്കെടുക്കുമ്പോൾ, കഴിഞ്ഞ മൂന്ന് വര്ഷമായിട്ടു ചെയർമാൻ എന്ന രീതിയിലും അതിനു മുൻപ് ബോർഡ് മെമ്പർ എന്ന രീതിയിലും ഞാൻ ഇതിൽ പങ്കെടുക്കുമ്പോൾ, ഓരോ വർഷവും നമുക്ക് കൂടുതൽ സന്തോഷവും അഭിമാനവും ആണ് തോന്നുന്നത്. പോയവർഷങ്ങളേക്കാൾ വലിയ ഒരു വളർച്ച പോയ ഒരു വർഷം കൊണ്ട് നമുക്ക് ഉണ്ടാക്കി എടുക്കാൻ കഴിഞ്ഞു എന്ന് ഉള്ളത് ആണ് ഈ സന്തോഷത്തിനും അഭിമാനത്തിനും കാരണമായി ഉള്ളത് . കഴിഞ്ഞ ഒരു മൂന്ന് വർഷത്തെ കാര്യം ഞാൻ പ്രതേകിച്ചു എടുത്തു നോക്കിയ സമയത്ത്, അത് ഞാൻ ചെയർമാൻ ആയതുകൊണ്ട് അല്ല, നോക്കിയ സമയത്ത്, 30 ശതമാനത്തിൽ ഏറെ, വാർഷികമായിട്ടുള്ള വളർച്ച കെപിബി ക്കു അതിന്റെ ബിസിനെസ്സിൽ ഉണ്ടാകാൻ കഴിഞ്ഞിട്ടുണ്ട് എന്ന് ഉള്ളതാണ്.

ഒരു പക്ഷെ കഴിഞ്ഞ മൂന്ന് വർഷവും ഉണ്ടായ നമ്മുടെ ബിസിനസിനെ ബാധിച്ചതരത്തിലുള്ള ദുരന്തങ്ങൾ ഇല്ലായിരുന്നെങ്കിൽ ഇത് ഒരു 40 ശതമാനത്തിന്റെ അടുത്തേക്ക് 45 ശതമാനത്തിലേക്കോ പോകാൻ കഴിയുമായിരുന്നു എന്ന് ആണ് എനിക്ക് വിലയിരുത്തുമ്പോൾ തോന്നിയിട്ടുള്ളത്. ഒരു പ്രളയം, അടുത്ത വർഷം വീണ്ടും പ്രളയം, ആ പ്രളയത്തിന്റെ ദുരിതമൊക്കെ അവസാനിച്ചു നോർമലൈസ് ചെയ്തു കുറച്ചു അങ്ങോട്ട് മുന്നോട്ടു പോകുമ്പോൾ ആണ് ഇപ്പോൾ, ലോക മഹാമാരി ആയിട്ടുള്ള corona, അതിന്റെ പിടുത്തം നമ്മേയൊക്കെ ബാധിച്ചുകൊണ്ടിരിക്കുന്നു.

പ്രളയകാലത്തു നമ്മുടെ അനവധി ബ്രാഞ്ചുകൾ നമുക്ക് അടച്ചിടേണ്ടി വന്നു, ദിവസങ്ങളോളം അടച്ചിടേണ്ടി വന്നു. കേരളത്തിലെ സാമ്പത്തിക മേഖലയെ വളരെ വല്ലാതെ പ്രളയം ബാധിക്കുക ഉണ്ടായി . Corona , കഴിഞ്ഞ March മാസത്തിൽ, ലോക്കഡൗൺ വന്നപ്പോൾ നമ്മുടെ എല്ലാ ബ്രാഞ്ചുകളും ഏതാണ്ട് ഒന്നര മാസത്തോളം പൂർണമായി നമുക്ക് അടച്ചിടേണ്ടി വന്നു.

ഈ എല്ലാ പ്രതിസന്ധി ഉണ്ടായിട്ടും, കെപിബിക്ക് 30 ശതമാനത്തിൽ ഏറെ വളർച്ച കഴിഞ്ഞ മൂന്ന് വർഷവും നമുക്ക് ഉണ്ടാക്കി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്, ഇത് നിശ്ചയമായിട്ടും അഭിമാനകരമായ ആയിട്ടുള്ള കാര്യം ആണ്.
അതിനു MD മുതൽ ഈ സ്ഥാപനത്തെ, അതിന്റെ ദൈനന്തര പ്രവർത്തനത്തെ, നയിക്കുന്ന MD, Joint MD, GM, അതുപോലെ ഉള്ള ബാക്കി നമ്മുടെ സഹപ്രവർത്തകർ, ഓരോ ബ്രാഞ്ചിലും നമ്മുടെ ഈ സ്ഥാപനത്തെ സ്വന്തം സ്ഥാപനമായി കണക്കാക്കി ഈ സ്ഥാപനത്തിന്റെ വളർച്ചക്ക് വേണ്ടി അഹോരാത്രം പണി എടുക്കുന്ന, ഓരോ ബ്രാഞ്ചിലുള്ള നമ്മുടെ സഹോദരി സഹോദരൻമാർ, അവരോടു കെപിബി നിധി യുടെ ചെയർമാൻ എന്ന രീതിയിൽ ഞാൻ എന്റെ സന്തോഷവും നന്ദിയും, അറിയിക്കുകയാണ്. അവരുടെ കഠിനമായ പരിശ്രമം ആണ് ഈ സ്ഥാപനത്തിന്റെ ഓരോ ദിവസവും വളർച്ചയിൽ നിന്നും വളർച്ചയിലോട്ടു കൊണ്ടുപോയിക്കൊണ്ട് ഇരിക്കുന്നത്. അതോടു ഒപ്പം തന്നെ നമ്മുടെ ഷെയർഹോൾഡേഴ്സായിട്ടുള്ള ആളുകളുടെ, അവരുടെ നിർലോഭമായ, നിസ്തുലമായിട്ടുള്ള പിന്തുണ. ഇത് ഷെയർ എടുത്തു കുറച്ചു ലാഭം ഉണ്ടാകും എന്ന് ഉള്ള പ്രതീക്ഷക്കു അപ്പുറത്തു ഈ സ്ഥാപനത്തിന്റെ ഭാഗം ആകണം എന്നു ആഗ്രഹിച്ചു അതിന്റെ ഭാഗമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അവർ ആണ് കേരളത്തിലെ അങ്ങോളം ഇങ്ങോളം ഉള്ള നമ്മുടെ shareholders. അവർ ഇതിന്റെ ഭാഗം ആണ്. അപ്പോൾ അങ്ങനെ ഉള്ള നമ്മുടെ മുഴുവൻ shareholders ഇന്റെ പ്രാർത്ഥനയും പരിശ്രമവും നമ്മുടെ ഈ വിജയത്തിന് കാരണമായിട്ടുണ്ട്. അവർക്കും ഈ സ്ഥാപനത്തിന്റെ ചെയർമാൻ എന്ന രീതിയിൽ ഞാൻ നന്ദി രേഖപെടുത്തുന്നു, ഈ സന്ദർഭത്തിൽ.

കൊറോണയുടെ കാലഘട്ടത്തിൽ ആണ് കഴിഞ്ഞ വർഷം അവസാനിച്ചത്, ഏതാണ്ട് march 18 ആം തീയതിയോ മറ്റോ പല ബ്രാഞ്ചുകളും നമ്മൾ മുഴുവനായിട്ടും അടച്ചിട്ടു ... 25 ഇന് ... ഹെഡ് ഓഫീസ് ഉൾപ്പടെ എല്ലാ ബ്രാഞ്ചുകളും 25 ഇന് ശേഷം പിന്നെ തുറന്നതു april മാസം 21 ഇന്നോ മറ്റും ആണ് .. ഇല്ലേ.. 20, 21, 24 ഒക്കെ ആയിട്ട് ആണ്. കൂടുതൽ കൃത്യമായ കണക്കു MD പറയും. ഒരു വലിയ പ്രതിസന്ധി ആയിരുന്നു പക്ഷേ അതിൽ ഏറ്റവും അഭിമാനം തോന്നുന്ന ഒരു കാര്യം, ഈ അടച്ചിട്ട അവസ്ഥയിലും March 31 ആം തീയതി വൈകുന്നേരം 5pm ഇന് മുൻപ് കെപിബി യുടെ പരിപൂർണമായിട്ടുള്ള വാർഷികമായി ഉള്ള കാര്യങ്ങൾ, balance sheet വരെ, March 31 ആം തീയതി വൈകുന്നേരത്തിനുള്ളിൽ നമുക്ക് തയ്യാർ ആക്കാൻ കഴിഞ്ഞു, എല്ലാ provisions ഉം

നമ്മൾ ചെയ്യേണ്ട, statutory ആയിട്ട് ചെയ്യേണ്ട എല്ലാ കാര്യങ്ങളും പൂർത്തിയാക്കി, March 31 ആം തീയതി ക്കു നമ്മുടെ കണക്കുകൾ നമുക്ക് close ചെയ്യാൻ കഴിഞ്ഞു. അതിനു നേരത്തെ ഡയറക്ടർ ബോർഡ് തന്നെ നമ്മുടെ അക്കൗണ്ട്സ് ഡിപ്പാർട്മെന്റിനെയും അതുപോലെ തന്നെ IT ഡിപ്പാർട്മെന്റിനെയും അഭിനന്ദിച്ചിട്ടുണ്ട്, ഈ വാർഷിക പൊതുയോഗത്തിൽ നിങ്ങളുടെ എല്ലാവരുടെയും പേരിൽ കെപിബിയിലെ ഐ ടി ഡിപ്പാർട്മെന്റിനെയും, കെപിബിയിലെ അക്കൗണ്ട്സ് ഡിപ്പാർട്മെന്റിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

കൊറോണ സ്വാഭാവികമായും നമ്മേ അതിനു ശേഷവും തുടരുന്നുണ്ട്, ഇന്നും തുടർന്നുകൊണ്ട് ഇരിക്കുകയാണ് . പക്ഷേ അതിനു ശേഷവും നമ്മൾ നോക്കുന്ന സമയത്ത്, കഴിഞ്ഞ വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുമ്പോൾ വലിയ ഒരു പ്രതീക്ഷ ഞാൻ നിങ്ങളുടെ മുമ്പിൽ വെച്ചിരുന്നു, അടുത്ത വാർഷിക പൊതുയോഗത്തിൽ നിങ്ങളുടെ മുമ്പിൽ ഞാൻ വരുമ്പോൾ 1000 കോടി ബിസിനസ് ഉള്ള സ്ഥാപനം എന്ന രീതിയിൽ ആയിരിക്കും ഞാൻ നിങ്ങളുടെ മുമ്പിലേക്ക് വരാൻ പോകുന്നത്. 1000 കോടി നമ്മൾ തികയ്ക്കും എന്നൊക്കെ അന്ന് വളരെ ആത്മവിശ്വാസത്തോടുകൂടി നമ്മൾ പറയുക ഉണ്ടായി . ഇത് വെറും ഒരു സ്വപ്നമായിട്ടു പറഞ്ഞത് അല്ല. അന്ന് നടത്തിക്കൊണ്ടിരുന്ന വളർച്ചയുടെ കണക്കു വെച്ച് നമ്മൾ മുന്നോട്ടു പോവുകയാണെങ്കിൽ നിശ്ചയമായിട്ടും നമുക്ക് കൈവരിക്കാൻ കഴിയാവുന്ന ഒരു ലക്ഷ്യം, കാരണം അന്ന് 856 മറ്റും ആയിരുന്നു കഴിഞ്ഞ വർഷം അവസാനം നമ്മുടെ ഉണ്ടായിരുന്ന ബിസിനസ്, അവിടെ നിന്നും 1000 കോടിയിലേക്ക് ഒരു 140 കോടി 6 മാസംകൊണ്ട് എത്തുക എന്നുള്ളത് വലിയ പ്രയാസം ഉള്ള കാര്യം ആയിരുന്നില്ല, നിശ്ചയമായിട്ടും നമുക്ക് എത്താൻ കഴിയും എന്ന് ഉള്ള ആത്മവിശ്വാസം ഉണ്ടായിരുന്നു, പക്ഷേ ഈ കൊറോണ യുടെ ബാധ നമ്മെ.. പല ബ്രാഞ്ചുകളും അവർക്കു വേണ്ടതുപോലെ പെർഫോം ചെയ്യാൻ പറ്റിയിട്ടില്ല . പല ബ്രാഞ്ചുകളും ഭാഗികമായി അടച്ചു ഇടേണ്ടി വന്നു . ഈ പ്രതിസന്ധിക്കുള്ളിലും വിചാരിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും, ഈ september 30 , എന്ന് പറഞ്ഞാൽ അടുത്ത ആഴ്ച്ച .. ഇന്ന് ഇപ്പോൾ 28 അല്ലേ ... രണ്ടു ദിവസം.. രണ്ടു ദിവസം കഴിഞ്ഞു half yearly closing വരുമ്പോൾ 950 ഇന്റെ മുകളിൽ ആയിരിക്കും കെപിബി നില്ക്കുന്നത്. നമ്മുടെ 1000 കോടി എന്ന് ഉള്ളതിൽനിന്നും, ചെറിയ ഒരു കുറവ്, 50 കോടിയുടെ ഒരു ചെറിയ കുറവ് ഉണ്ടാവും .

ആ കുറവു.... അതും അതിന്റെ അപ്പുറത്തേക്ക് ഈ വർഷം നിശ്ചയിച്ചിട്ടുള്ള target വരുന്ന 6 മാസംകൊണ്ട് നമുക്ക് തിരിച്ചു പിടിക്കാൻ കഴിയും എന്ന് ഉള്ള ആത്മവിശ്വാസവും ഞാൻ ഈ സമയത്ത് രേഖപ്പെടുത്തുകയാണ്. ഒരു വ്യക്തിപരമായിട്ടുള്ള ആത്മവിശ്വാസം അല്ല, കാരണം ഞാൻ ഇത് നമ്മുടെ

സ്റ്റാഫും ആയിട്ട് interact ചെയ്തപ്പോൾ, അവർ എല്ലാവരും പറഞ്ഞത് ധൈര്യമായിട്ടു 1000 കോടി ...1000 കോടി എത്തും എന്നോട് ഉറപ്പു പറഞ്ഞതാണ് പലരും.

നമ്മുടെ ഗ്രൂപ്പ്, whats app ഗ്രൂപ്പ് കളിൽ ഒക്കെ കൂടി ഇത് ഞാൻ ഡിസ്കസ് ചെയ്തപ്പോൾ എല്ലാവരും പറഞ്ഞു ഉറപ്പു 1000 കോടി september 30 ഇന് നമ്മൾ എത്തും. പക്ഷേ അതിനു ഇടയിൽ ആണ് പ്രാരാബ്ദങ്ങൾ ചിലതു വന്നത്. അതുകൊണ്ട് ഈ ക്ഷീണം ഏതായാലും open up ആണ് ഇപ്പോൾ, ഇപ്പോൾ ലോക്കഡൗണും പോയി , quarantine ഉം പോയി, containement zone ഉം പോയി ... ഇപ്പോൾ മഞ്ഞ സ്റ്റിക്കർ ഒട്ടിക്കേണ്ട സമയം ആണ് എല്ലാ സ്ഥലത്തും... എന്ന് വെച്ചാൽ ഒന്നും അടച്ചു ഇടുന്നില്ല, കോറോണയുടെ കൂടെ ജീവിക്കാൻ നമ്മൾ എല്ലാവരും പഠിച്ചുകൊണ്ടു ഇരിക്കുകയാണ്. അതുകൊണ്ട് സ്വാഭാവികമായും ബിസിനസ്, വ്യാപാര രംഗം, വ്യവസായ രംഗം ഒക്കെ അതിന്റെ normalcy ലേക്ക് തിരിച്ചു പോയികൊണ്ടു... പോയെ മതിയാവു, അതാണ് ജീവിതവും. അതുകൊണ്ട് ഇനി ഉള്ള കാലഘട്ടത്തിൽ ഇതുവരെ ഉണ്ടായിരുന്ന പ്രശ്നങ്ങളിൽ നിന്നും നമ്മൾ മാറും .. ശുഭ പ്രതീക്ഷ ആയിരിക്കും ഉണ്ടാവുക. അതിനു ഇടയിൽ വാക്സിൻ ഒക്കെ വന്ന് നമ്മുടെ ഈ രോഗത്തിൽ നിന്നുമൊക്കെ ഒരു മുക്തിയും നമ്മൾക്ക് സാധ്യമായി കഴിഞ്ഞാൽ 2021 March 31 ഇന്, നമ്മൾ ഈ വർഷം നിശ്ചയിച്ചിട്ടുള്ള 30 ശതമാനത്തിൽ ഏറെ ഉള്ള വികാസം ഈ വർഷവും കൈവരിച്ചു കെപിബി ക്കു മുന്നേറാൻ കഴിയും എന്ന് ഈ സന്ദർഭത്തിൽ നിങ്ങൾക്ക് വാക്ക് തരാനും ഞാൻ ആഗ്രഹിക്കുകയാണ്.

ഈ കാലഘട്ടത്തിൽ പ്രത്യേകിച്ച് ഏറെ നമ്മുടെ ഷെയർഹോൾഡേഴ്സായിട്ടുള്ള പലരും, നമ്മുടെ പല ആള്ക്കാരും, പരിചയം ഉള്ള പല ആളുകളും എന്നെ നേരിട്ട് വിളിക്കുകയും, MD യെയും, ബാക്കി ഉള്ളവരെയും നേരിട്ട് വിളിക്കുകയും ചെയ്തിട്ടുള്ള മറ്റൊരു സാഹചര്യംകൂടി അതും ഈ സമയത്ത് സൂചിപ്പിക്കണം അല്ലെങ്കിൽ അനുസ്മരിക്കണം എന്ന് വിചാരിക്കുന്നു.

കേരളത്തിലെ ചില ധനകാര്യ സ്ഥാപനങ്ങൾ, അതിൽ ഉണ്ടായിട്ടുള്ള ചില പ്രശ്നങ്ങൾ അതുകാരണം ജനങ്ങൾക്ക്, അതിൽ ഡെപ്പോസിറ് ചെയ്ത ആളുകൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ, അത് പലരെയും ആശങ്കയിൽ ആക്കിയിട്ടുണ്ട്, അവരിൽ പല ആളുകളും നമ്മേയും വിളിച്ചു ചോദിച്ചു, കെപിബിയും സേഫ് അല്ലേ, പ്രശ്നം ഉണ്ടോ? ഈ നിലയ്ക്ക് നമ്മേ പല ആളുകളും വിളിച്ചു ചോദിക്കുക ഉണ്ടായിട്ടുണ്ട് . ആത്മവിശ്വാസത്തോടുകൂടി നമുക്ക് അവരോടു മറുപടി പറയാൻ കഴിയും, കെപിബി അവരിൽ നിന്നും വ്യത്യസ്തം ആണ് കാരണം കെപിബി സ്വകാര്യ വ്യക്തികളുടെയോ, ഒരു ചെറിയ കുടുംബത്തിന്റെയോ സ്ഥാപനമല്ല. കെപിബി എന്ന് പറയുന്നത് 60000 തിലേറെ shareholders ഇന്റെ സ്ഥാപനം ആണ്. ഞാൻ പല സന്ദർഭങ്ങളിലും പറഞ്ഞിട്ടുള്ളത് പോലെ ഒരു തികച്ചും ജനകീയ ജനാധിപത്യമായിട്ടുള്ള സ്ഥാപനം ആണ് കെപിബി..

അതുകൊണ്ട് തന്നെ ഈ സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ ഉറപ്പു ഉള്ളത് ആണ്, ചെയർമാൻ വിചാരിച്ചാലോ MD വിചാരിച്ചാലോ ഇതിന്റെ പൈസ എടുത്തു മറിക്കാൻ ഒന്നും പറ്റുന്ന കാര്യം അല്ല. മറ്റേതു വ്യക്തികൾ ആണ് അവർക്കു അത് ചെയ്യാം, ചെയർമാനും, MDക്കു പോലും സാധ്യം അല്ല കാരണം ഇതിന്റെ ഒരു സിസ്റ്റം ഉണ്ട്. ഇത് ഷെയർഹോൾഡേഴ്സ് ഇന്റെയും അവർ തിരഞ്ഞെടുത്ത ഡയറക്ടർ ബോർഡ്സും അവർ നയിക്കുന്ന, അതോടൊപ്പം തന്നെ മറ്റു ഏതൊരു സ്ഥാപനത്തിൽ ഇല്ലാത്ത രീതിയിൽ തന്നെ അഭിമാനപൂർവം നമുക്ക് പറയാം, ധനകാര്യ സ്ഥാപനങ്ങളിൽ, ബാങ്കിങ് സ്ഥാപങ്ങളിൽ ഉയർന്ന നിലയിൽ പ്രവർത്തിച്ചു സ്വന്തം വ്യക്തി മുദ്ര പതിപ്പിച്ച ആളുകൾ ആണ് ഈ സ്ഥാപനത്തെ നയിച്ച് കൊണ്ടിരിക്കുന്നത്. ഫെഡറൽ ബാങ്കിന്റെ CGM ആയിരുന്ന ജഗദീശൻ സാറ് ആയാലും ശരി അല്ലെങ്കിൽ Indian ബാങ്കിൽ ഉണ്ടായിരിന്നിട്ടുള്ള AGM ആയിട്ട് വന്നിട്ടുള്ള മുരളിസാർ ആണെങ്കിലും ശരി അല്ലെങ്കിൽ ഇപ്പോൾ ധനലക്ഷ്മി ബാങ്കിലെ ഡിജിഎം ആയിട്ട് പ്രവർത്തിക്കുന്ന.. പ്രവർത്തിച്ചു അവിടെ നിന്ന് വന്നിട്ടുള്ള മുരളി സാർ ആണെങ്കിലും ശരി, അതുപോലെതന്നെ ബാക്കി നമ്മുടെ regional മാനേജർ വരെ ഉള്ള ആളുകളൊക്കെ വിവിധ ബാങ്കുകളിൽ പ്രവർത്തിച്ചു അവരുടേതായിട്ടുള്ള വ്യക്തിമുദ്ര പതിപ്പിക്കുകയും സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചു സൽപേരോടുകൂടി പുറത്തു വന്നിട്ടുള്ള ആളുകളാണ്. അങ്ങിനെ ഉള്ള ആളുകൾ നയിക്കുന്ന സ്ഥാപനത്തിൽ അവരുടേതായിട്ടുള്ള credibility, വിശ്വാസ്യത അതോടു ഒപ്പം തന്നെ അവർ ... അവരുടെ ജീവിതകാലത്തിൽ നടത്തിയിട്ടുള്ള സാമ്പത്തികമായിട്ടുള്ള ബാങ്കുകളിൽ ഇരുന്നിട്ടുള്ള അനുഭവം, ഇത് എല്ലാം ഈ സ്ഥാപനത്തിന് മുതൽക്കൂട്ട് ആവുകയും ഈ സ്ഥാപനത്തെ ശരിയായ ദിശയിൽ നയിച്ച് മുന്നോട്ടു കൊണ്ടുപോകാൻ ഇപ്പോഴും പരിശ്രമിച്ചുകൊണ്ടു ഇരിക്കുന്ന ആള്ക്കാരും. സ്ഥാപനത്തിന്റെ ഭദ്രതയല്ലാതെ, സ്ഥാപനത്തിന്റെ വളർച്ച അല്ലാതെ, വികസമല്ലാതെ, മറ്റൊരു സ്വാർത്ഥ ലക്ഷ്യവും ഇല്ലാതെ പ്രവർത്തിക്കുന്ന നല്ല ഒരു നേതൃത്വം ഈ സ്ഥാപനത്തിന് ഉണ്ട് എന്ന് ഉള്ളതും ആത്മവിശ്വാസം നൽകുന്ന കാര്യം ആണ്. അപ്പോൾ അതുകൊണ്ട് മറ്റു വ്യക്തികളിൽ അധിഷ്ഠിതമായിട്ടുള്ള, കുടുംബങ്ങളിൽ അധിഷ്ഠിതമായിട്ടുള്ള ധനകാര്യ സ്ഥാപനങ്ങൾ, അതുപോലെ അല്ല കെപിബി. കെപിബി തികച്ചും ജനകീയം ആയിട്ടുള്ള സ്ഥാപനം ആണ്. അതിന്റെ നേതൃത്വവും മാനേജ്മെന്റും വളരെ ശക്തം ആണ്. ഏതു പ്രതിസന്ധിയും നേരിടാൻ കഴിയുന്ന തരത്തിലുള്ള ഒരു മാനേജ്മന്റ് സിസ്റ്റം നമുക്ക് ഉണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച പോലെ, അതിന്റെ സിസ്റ്റം driven ആയിട്ടുള്ള കാര്യങ്ങൾ. ഇൻസ്റ്റിട്യൂഷൻ തന്നെ സിസ്റ്റം driven ആക്കിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ആണ് നമുക്ക് ബ്രാഞ്ച് അടച്ചിട്ടപോഴും, ഹെഡ് ഓഫീസ് അടച്ചിട്ടപോഴും നമ്മുടെ കണക്കുകളൊക്കെ ക്ലോസ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത് . അപ്പോൾ ആ നിലക്കുള്ള സ്ഥാപനം എന്ന രീതിയിൽ മറ്റു സ്ഥാപനങ്ങളുടെ തളർച്ച കണ്ട്, വീഴ്ച കണ്ട് കെപിബി യുടെ shareholder മാരോ അല്ലെങ്കിൽ ഇതിൽ നിക്ഷേപിച്ചിട്ടുള്ള ആള്ക്കാരോ

ആശങ്കപ്പെടേണ്ട കാര്യം ഇല്ല. കെപിബി ശക്തമായി തന്നെ മുന്നേറികൊണ്ട് ഇരിക്കുകയാണ്. ഈ വർഷവും March 31 ഇന് മുൻപായി നമ്മൾ അഞ്ചോ ആറോ ബ്രാഞ്ചുകൾ കൂടി തുടങ്ങി മുന്നോട്ടു പോകാൻ ഉള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു കാര്യംകൂടി സൂചിപ്പിച്ചിട്ടു നമുക്ക്... ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം. ഞാൻ ഈ പറഞ്ഞതിന്റെ അർഥം കെപിബിക്ക് പ്രശ്ണങ്ങൾ ഒന്നും ഇല്ല എന്ന് അല്ല
അതും നമ്മുടെ എല്ലാവരുടെയും മുമ്പിൽ വെക്കേണ്ടത് ആയിട്ടുണ്ട് എന്ന് എനിക്ക് തോന്നുന്നതുകൊണ്ട് ഞാൻ പറയുകയാണ് .

കെപിബിക്ക് ഒരു ധനകാര്യ സ്ഥാപനം എന്ന രീതിയിൽ ഏതു ധനകാര്യ സ്ഥാപനത്തിനും വരാവുന്ന പ്രശ്നനങ്ങളൊക്ക കെപിബിക്ക് വരും . ഇടയ്ക്കു നിങ്ങൾക്ക് ഷെയർഹോൾഡർമാർക്ക് എല്ലാവർക്കും അറിയാവുന്ന കാര്യം ആയിരുന്നു.. സ്വർണത്തിന്റെ വില പെട്ടന്ന് ഇടിഞ്ഞു. കെപിബി വിചാരിച്ചാൽ സ്വർണത്തിന്റെ വില കൂട്ടാനോ കുറക്കാനോ പറ്റില്ല. ഒരു നാല് കൊല്ലം മുൻപ് ആണ് 22000 രൂപ ഉണ്ടായിരുന്ന സ്വർണം ഒരു സുപ്രഭാതത്തിൽ താണുതാണു,18000 രൂപയിലേക്കു എത്തി. അത് ഒരു പ്രതിസന്ധി ആയിരുന്നു. പക്ഷേ നമ്മൾ കൂട്ടായി ആ പ്രതിസന്ധിയെ നേരിട്ടു. ചെറിയ വിഷമങ്ങളൊക്കെ ഉണ്ടായി എങ്കിലും കഴിഞ്ഞ വർഷവും ഈ വർഷത്തെയും നമ്മുടെ balance sheet ഇൽ നമ്മൾ net profit ആയിട്ടുണ്ട് .

Accumulated loss ഓരോ വർഷവും കുറച്ചു വന്നിട്ടുണ്ട്. ഒരു പക്ഷേ വരുന്ന ഒരു വർഷംകൊണ്ട് നമുക്ക് accumulated loss- ഇല്ല അല്ലേ ?.. കഴിഞ്ഞ വർഷം accumulated loss ഇൽ നിന്നും നമ്മൾ set off ചെയ്തു കഴിഞ്ഞു... അപ്പോൾ ആ നിലയിലേക്ക് ചെറിയ വീഴ്ചകൾ വന്നാൽ ... വരില്ല എന്ന് ഞങ്ങൾക്കു ..... ധനകാര്യ സ്ഥാപനത്തിന് ഏതു ബിസിനസ് പോലെയും .. ധനകാര്യ ബിസിനസ്സില് വരാവുന്ന വീഴ്ചകൾ കെ പി ബി യെ ബാധിക്കും. പക്ഷെ അതുപോലും നമുക്ക് ധൈര്യമായിട്ടു നേരിട്ട് സ്ഥാപനത്തിന്റെ ഉൾക്കരുത്ത് കൊണ്ടുതന്നെ അതിനെ നേരിട്ട് വിജയത്തിലേക്ക് പോകാൻ കഴിയുന്നു എന്നുള്ളതാണ് അതു സൂചിപ്പിക്കുന്നത്. അതുപോലെ തന്നെ ഇപ്പോൾ നമുക്ക് എല്ലാവർക്കും അറിയാം നമ്മുടെ കെപിബിക്ക് രണ്ടു തരത്തിലേ ലോൺ കൊടുക്കാൻ പറ്റുന്നുള്ളു . 100 % secured loan എന്ന് ആണ് കെപിബിയുടെ. അതില് സ്വർണവും ഭൂമിയും ആണ് .പക്ഷേ കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഭൂമി... അതിന്റെ വില താഴോട്ടു ആണ് വളരുന്നത് .. ഭൂമിയുടെ വില കുറഞ്ഞുകൊണ്ടു ഇരിക്കുകയാണ്. അതുകൊണ്ട് തന്നെ രണ്ടു വർഷം മുൻപ് ഭൂമിക്കു എതിരായിട്ടുള്ള ലോൺ നമ്മൾ ഇനി കൊടുക്കേണ്ട എന്ന് ഡയറക്ടർ ബോർഡ് തന്നെ തീരുമാനം എടുത്തു . നമ്മൾ അത് വളരെ ശ്രദ്ധാപൂർവം നോക്കുന്നുണ്ട്. പക്ഷെ അതിനു മുൻപ് കൊടുത്തിരുന്ന കുറച്ചു ലോണുകൾ ഉണ്ട് നമ്മുടെ കയ്യിൽ. ആ ലോൺ, അത് തിരിച്ചുപിടിക്കാൻ ഉള്ള വളരെ സത്വരമായ ,ഗൗരവമായ, കാര്യക്ഷമം ആയ നടപടികൾ ഡയറക്ടർ

ബോർഡും,മാനേജ്മെന്റും ആലോചിച്ചു, അതിന്റെ തുടർപ്രവർത്തനങ്ങൾ നല്ലതുപോലെ നടത്തിക്കൊണ്ടു ഇരിക്കുകയാണ്.

കുറച്ചൊക്കെ നമുക്ക് തിരിച്ചു വന്നു തുടങ്ങിയിട്ടുണ്ട്. ഈ വർഷം തന്നെ ഏതാണ്ട് ഒരു 10 കോടി അടുത്തോളം- നമുക്ക് കഴിഞ്ഞ ഒരു 6 മാസത്തിനുള്ളിൽ ഏകദേശം ഒരു 10 കോടിയുടെ അടുത്ത് നമുക്ക് recovery ഉണ്ടായിട്ടുണ്ട്. അതേപോലെ തന്നെ ബാക്കി ഉള്ളതും നമ്മൾ നല്ല നിയമപരമായിട്ടു നടത്തേണ്ട arbitration വഴിക്കും ഒക്കെ എല്ലാ പരിശ്രമവും നടത്തിക്കൊണ്ടു ഇരിക്കുകയാണ്. അതിനു വേണ്ടിയിട്ടു head office യുമായി ബന്ധപെട്ടു പ്രത്യേകം recovery വിഭാഗം തന്നെ ഉണ്ടാക്കി അതിന്റെ പരിശ്രമം നടത്തിക്കൊണ്ടു ഇരിക്കുന്നു. അപ്പോൾ ആ തരത്തിൽ ഉള്ള പ്രശ്നങ്ങള് സ്വാഭാവികമായും ബിസിനെസ്സിൽ വന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ അതാതു സമയത്ത് വേണ്ടപോലെ തിരിച്ചു അറിഞ്ഞു അഡ്രസ് ചെയ്യാൻ വേണ്ടിയിട്ടുള്ള ഒരു mechanism നമ്മൾ പ്രവർത്തിപ്പിച്ചുകൊണ്ട് ഇരിക്കുന്നുണ്ട്. ആ കാര്യംകൂടി സൂചിപ്പിക്കാൻ ആണ് ഞാൻ ഈ വിഷയം നിങ്ങളുടെ മുമ്പിൽ പറഞ്ഞത്.

അപ്പോൾ അങ്ങനെ വരുന്ന ചില പ്രതിസന്ധികൾ നമ്മുടെ ഉണ്ടെങ്കിലും നമ്മുടെ സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെയും നമ്മുടെ ജീവനക്കാരുടെ efficiency ഉം commitment ഉം എല്ലാം ഏതു പ്രതിസന്ധിയെയും നേരിട്ട് നമുക്ക് മുന്നോട്ടു പോകാൻ സാധിക്കും എന്ന് ഉള്ള ആത്മവിശ്വാസവും നൽകുന്നുണ്ട്.

മിസ് മാനേജ്മെന്റ് എന്ന വാക്ക് കെപിബിയിൽ നമുക്ക് ഇല്ല എന്ന് തന്നെ പറയാം. കെടുകാര്യസ്ഥത- അത് ഇല്ല. വരുന്നത് സ്വാഭാവികമായും ബിസിനെസ്സിൽ വന്നുകൊണ്ട് ഇരിക്കുന്ന ups and downs. സാഹചര്യങ്ങൾ കൊണ്ട് beyond our limitations or beyond our capacity.. നമ്മുടെ പരിമിതികൾക്കു അപ്പുറത്തു ഉള്ള ചില കാര്യങ്ങൾകൊണ്ട് ഉണ്ടാകുന്ന ചില പ്രശ്നങ്ങൾ നമുക്ക് വരുമ്പോഴും ആ പ്രശ്നങ്ങളെ കൂട്ടായി നമ്മൾ നേരിട്ട് തരണം ചെയ്തു വിജയത്തിൽ നിന്നും വിജയത്തിലേക്കു പോകാൻ നമ്മൾ ശ്രമിക്കുന്നു. കൂടുതൽ കൂടുതൽ ആത്മവിശ്വാസം ആണ് ഓരോ വാർഷിക പൊതുയോഗത്തിലും നിങ്ങളുടെ മുമ്പിൽ നിൽക്കുമ്പോൾ, ചെയർമാൻ എന്ന രീതിയിൽ എനിക്ക് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നത് . ഇതുവരെ ഉള്ള കെപിബിയുടെ വളർച്ചയിൽ തന്നിട്ടുള്ള എല്ലാ പിന്തുണയ്ക്കും ചെയർമാൻ എന്ന രീതിയിൽ നന്ദി രേഖ പെടുത്തുന്നു . ഭാവിയിലും കെപിബിയിലേക്കു കൂടുതൽ കൂടുതൽ സുഹൃത്തുക്കളെ ബന്ധിപ്പിക്കാനും കെപിബിയെ ഒരു ജനകീയമായ പ്രസ്ഥാനമാക്കി മാറ്റാൻ- കാരണം കെപിബി മറ്റു സ്ഥാപങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സ്ഥാപനം ആണ്. മറ്റുള്ളവർക്ക് ലാഭേച്ഛ ആണ് പ്രധാനം എങ്കിൽ കെപിബിക്ക് ഒരു social responsibility ആണ് സാമൂഹ്യ നന്മയിൽ, സാമ്പത്തിക മേഖലയിൽ എന്ത് ചെയ്യാൻ പറ്റും എന്നുള്ളത് ആണ് കെപിബി പരിശ്രമിച്ചുകൊണ്ട് ഇരിക്കുന്നതും ലക്ഷ്യമാക്കിയിട്ടുള്ളതും. so KPB is a financial institution with a difference.. ആ difference

എന്ന് പറയുന്നത് സോഷ്യൽ കമ്മിറ്റ്മെന്റ് ആണ് സോഷ്യൽ റെസ്പോൺസിബിലിറ്റി ആണ്.. സാമൂഹ്യമായ പ്രതിബദ്ധത ആണ് .ആ പ്രതിബദ്ധത മുന്നിൽ വെച്ചുകൊണ്ട് ഈ സ്ഥാപനം കൂടുതൽ കൂടുതൽ മുന്നേറാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു .ഈശ്വരാനുഗ്രഹം കൊണ്ട് അടുത്ത വർഷം വീണ്ടും നമുക്ക് ഈ കാണാമറയത് ഇരുന്നല്ലാതെ പ്രത്യക്ഷത്തിൽ ഒന്നിച്ചുകൂടി വാർഷിക പൊതുയോഗം നടത്താൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈശ്വരാനുഗ്രഹം കൊണ്ട് വീണ്ടും നമുക്ക് ഒന്നിച്ചുകാണാനും നമ്മുടെ സ്നേഹവും സന്തോഷവും പരിഭവമൊക്കെ പങ്കുവെക്കാനും അടുത്ത വർഷം നമുക്ക് സാധിക്കും എന്ന് ഉള്ള പ്രതീക്ഷയോടുകൂടിയിട്ടു ഞാൻ എന്റെ വാക്ക്കൾ ഉപസംഹരിക്കുന്നു ...നന്ദി നമസ്കാരം...

**ചെയർമാൻ :**

നമ്മുടെ വാർഷിക റിപ്പോർട്ടും കണക്കുകളും കാര്യങ്ങളും അവതരിപ്പിക്കുന്നതിനു വേണ്ടി നമ്മുടെ MD മുരളി സാറിനെ ക്ഷണിക്കുന്നു. അദ്ദേഹം അതിന്റെ എല്ലാ കാര്യങ്ങളും, അതുപോലതന്നെ നമ്മൾ ആവശ്യപ്പെട്ടിരുന്നു, നിങ്ങൾക്ക് എന്തെങ്കിലും ചോദിയ്ക്കാൻ ഉണ്ടെങ്കിൽ നേരത്തെ തന്നെ മെയിൽ ആയിട്ട് ചോദ്യങ്ങൾ ചോദിക്കാം എന്ന് പറഞ്ഞിരുന്നു.. അങ്ങനെ കുറച്ചു.. ചില ചോദ്യങ്ങളൊക്ക വന്നിട്ടുണ്ട്.. ആ വന്നിട്ടുള്ള ചോദ്യങ്ങൾക്കു ഉത്തരം പറയുന്നത് ആണ്, അതിനു ശേഷം സമയം അനുവദിക്കുന്നത് അനുസരിച്ചു ബാക്കിയും നമുക്ക് എന്തൊക്കെ ചെയ്യാം എന്ന് നോക്കാം .

Managing Director: Thank You

Audited Financials ഉം, Directors Report ഉം September 3 ആം തീയതി തന്നെ നമ്മുടെ സൈറ്റിൽ upload ചെയ്തിരുന്നു statutory obligation പ്രകാരം. അത് വളരെ detailed ആയിട്ട് അതിൽ എല്ലാ കാര്യങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. എങ്കിലും ഒരു... ചെറിയ തോതില് in a nutshell എന്ന് പറയാം.. അതു ഞാൻ വീണ്ടും അവതരിപ്പിക്കുകയാണ് . പ്രധാനപ്പെട്ട കാര്യങ്ങൾ, പ്രസക്തമായ ഭാഗങ്ങൾ മാത്രമേ പറയുന്നുള്ളു കാരണം സമയം കുറച്ചേ ഉള്ളു. അതുകൊണ്ട്..

നമ്മുടേത് ഒരു ധനകാര്യ സ്ഥാപനം ആണ് . നമുക്ക് ഒരിക്കലും isolated ആയിട്ട് പ്രവർത്തിക്കാൻ സാധിക്കില്ല.. ലോകത്തു നടക്കുന്ന macro ലെവൽ ഇൽ ഉള്ള എല്ലാ കാര്യങ്ങളും നമ്മേയും ബാധിക്കുന്നത് ആണ്.. മനുഷ്യരെ ബാധിക്കുന്നത് പോലെ തന്നെ ആണ് നമ്മുടെ കമ്പനിയെയും ബാധിക്കുന്നത് . 2019-20 അതായത് March 31 ഇന് അവസാനിച്ച financial year വരെ ഉള്ള അവസാന പാദത്തിലെ അവസാന മാസം വരെ വലിയ changes ഒന്നും ഇല്ലാതെ വലിയ fluctuations ഒന്നും ഇല്ലാതെ ചെറിയ ഒരു ബാൻഡ്‌വിഡ്ത്തിൽ മാത്രം ആയിരുന്നു economy മൂവ്

ചെയ്തു കൊണ്ട് ഇരുന്നത്. ലോകമെമ്പാടും നോക്കുകയാണെങ്കിലും, ഏതു countries ഇന്റെ economy നോക്കിയാലും, വലിയ ഒരു challenges ഉള്ളതുപോലെ വലിയ fluctuations ഒന്നും ഉണ്ടായിരുന്നില്ല.

ഇന്ത്യയെ സംബന്ധിച്ചടുത്തോളം ചെറിയ ഒരു മാന്ദ്യത അവസാനം പ്രത്യക്ഷപെട്ടു തുടങ്ങിയിരുന്നു ആ സമയത്ത് . നേരത്തെ ഉണ്ടായിരുന്ന expectations GDP growth expectations എല്ലാം പ്രതീക്ഷിച്ചതുപോലെ എത്തുന്നുണ്ടായിരുന്നില്ല. ആദ്യം 6.2 എന്ന് അവർ project ചെയ്തിരുന്നു predict ചെയ്തിരുന്നു പിന്നെ it was brought down to 5.8 again brought down to 5.2 പക്ഷേ അത് അവസാനിച്ചത് 4 .2 ഇൽ ആയിരുന്നു . നമ്മൾ ഏകദേശം ഒരു 5 trillion economy ആയി within three years എത്തിപ്പെടാം എന്ന് സാധിച്ചു പ്രതീക്ഷിച്ചിരുന്നെങ്കിലും we could reach only 3.2 trillion figures. എങ്കിലും പുതിയ government, നവംബറിൽ അല്ല മെയ് 2019 ഇൽ പുതിയ മോദിജി യുടെ നേതൃത്വത്തിൽ ഉള്ള government വീണ്ടും പൂർണ വിശ്വാസത്തോടുകൂടി അവർ തിരിച്ചു വരിക ഉണ്ടായി അപ്പോൾ അതിന്റെ reflections നമ്മുടെ അവിടെ കണ്ടു തുടങ്ങും എന്ന് ഉറപ്പു ഉണ്ടായിരുന്നു. but for that ഈ മഹാമാരി വന്നില്ലായിരുന്നെങ്കിൽ നമ്മൾ ആ പ്രതീക്ഷിച്ച line ഇൽ പോകാൻ സാധിക്കുമായിരുന്നു. പക്ഷേ ദൈവഹിതം അങ്ങനെ ആയിരുന്നില്ല നമുക്ക് എല്ലാവർക്കും അറിയാം.. എല്ലാവരും വല്ലാതെ ഒരു shattered condition ഇൽ ആണ്. പ്രഗത്ഭന്മാർ ആയിട്ടുള്ള US ആണെങ്കിലും China ആണെങ്കിലും മറ്റുള്ള European രാജ്യങ്ങൾ ആണെങ്കിലും ഇന്ത്യ ആണെങ്കിലും എല്ലാവരും വളരെ crisis ഇൽ കൂടി ആണ് കടന്നു പോകുന്നത് പക്ഷെ ഇത് എല്ലാം അവസാനിക്കും എന്നും നമുക്ക് പ്രതീക്ഷിക്കാം. അടുത്ത 6 മാസത്തിനകം എങ്കിലും ഒരു vaccine കണ്ടുപിടിക്കപെടുകയും economy revival ഉണ്ടാവുകയും ചെയ്യുകയാണെങ്കിൽ within one or two years നമ്മുടെ lost glory തിരിച്ചു പിടിക്കാം എന്ന ഉള്ള ഒരു ഉറപ്പു രാജ്യത്തിന് മൊത്തമായിട്ടു ഉണ്ട് എന്ന് ആണ് നമ്മൾ വിശ്വസിക്കുന്നത്. ഇത്രയൊക്ക മോശമായിട്ടുള്ള കാലാവസ്ഥ ആണെങ്കിലും നമ്മുടെ കമ്പനി ഏറ്റവും കൂടുതൽ നന്നായിട്ടു perform ചെയ്തിരുന്ന ഒരു വർഷമായിരുന്നു 2019-2020 .

നമ്മൾ main ആയിട്ട് project ചെയുന്ന നാല് parameters ഇലും over reach ചെയ്തിരുന്നു targets എല്ലാം over reach ചെയ്തിരുന്ന ഒരു വർഷം ആയിരുന്നു . വളരെ ഏറെ സന്തോഷിക്കേണ്ട നിമിഷം ആണ് ഇത്. പക്ഷെ നേരത്തെ പറഞ്ഞതുപോലെ ദൈവം വിചാരിച്ചതു വേറൊന്നു ആണ്. അതുകൊണ്ട് ആണ് നമ്മൾ virtual ആയിട്ട് meet ചെയ്യാനും ഇതുപോലെ സംസാരിക്കാനും ഉള്ള ഇട വന്നത്. ഇപ്പോഴും ഈ covid ഇന്റെ പശ്ചാത്തലത്തിൽ പോലും നമ്മുടെ കമ്പനിയെ സംബന്ധിച്ചടുത്തോളം വലിയ ഷോക്സ് ഒന്നും നമുക്ക് face ചെയ്യേണ്ടി വന്നിട്ടില്ല. അത് നേരത്തെ പറഞ്ഞതുപോലെ മേനോൻ സാറിന്റെ നന്മയും തിരുമേനിയെ പോലുള്ളവരുടെ presence ഉം കൊണ്ട് ആവാം ഇത് . ഈ ഒരു കമ്പനിക്ക് അതിന്റേതായിട്ടുള്ള ഒരു ജാതകം ഉണ്ടെങ്കിൽ അത് തീർച്ചയായും ഒരു നല്ല

ജാതകമായിട്ടേ കാണാൻ സാധിക്കുകയുള്ളു. കാരണം ഇത് ആരുടേയും ഒരു കുടുംബത്തിന്റെയോ അല്ലെങ്കിൽ ഒരു ഗ്രൂപിന്റെയോ ലാഭത്തിനു വേണ്ടി പ്രവർത്തിക്കുന്ന കമ്പനി അല്ല. അതുകൊണ്ട് തന്നെ പത്തു നാനൂറു വരുന്ന employee ഉം എഴുപതിനായിരത്തോളം വരുന്ന shareholders ഇന്റെ നന്മയും മാത്രം മുമ്പിൽ കണ്ടുകൊണ്ടു പ്രവർത്തിക്കുന്നതുകൊണ്ടു നമുക്ക് ഒരിക്കലും പുറകോട്ടു നോക്കേണ്ടി വരില്ല എന്ന് ഉള്ള ശുഭാപ്തി വിശ്വാസം എനിക്ക് ധാരാളം ഉണ്ട് . നമുക്ക് മുന്നോട്ട് പോകാൻ ഉള്ള ഈ strength ഉം ഇത് തന്നെ ആണ് . അദ്ദേഹത്തിന്റെ, എല്ലാവരുടെയും, നമ്മുടെ എല്ലാവരുടെയും പ്രാർത്ഥന നമ്മളോട് ഒപ്പം ഉണ്ടാവും എന്നു വിചാരിക്കുന്നു .

2019ഇൽ അവസാനിച്ച financial year ഇൽ അതിനു മുൻപ് ഉണ്ടായിരുന്ന accumulated losses എല്ലാം നമ്മൾ wipe out ചെയ്തു . മാർജിനലായിട്ടു ആ വർഷത്തെ നമ്മുടെ net profit 1.86 -1.87 lakhs ആയിരുന്നു .. ഈ accumulated losses write off ചെയ്തതുകൊണ്ട് 2019 march ഇൽ തന്നെ നമ്മൾ ഒരു ലക്ഷത്തിൽ ചില്വാനം രൂപ നമ്മൾ profit കാണിക്കുകയും reserves ഇൽ അല്ല surplus ആയിട്ട് കാണിക്കുകയും നമ്മൾ green യിലേക്ക് വരികയും ചെയ്തിട്ടുണ്ടായിരുന്നു. ഈ വർഷം അതിനെ augment ചെയ്യാനായിട്ട് 287 lakhs ആണ് നമ്മൾ profit ... 278 ലക്ഷം ആണ് നമ്മൾ profit ആയിട്ട് ഡിക്ലയർ ചെയ്തിരിക്കുന്നത് അതിന്റെ കൂടെ ഒരു ലക്ഷം രൂപ നേരത്തെ ഉണ്ടായിരുന്ന surplus ഉം കൂടി ചേർത്ത് 279lakhs. നമ്മുടെ profit and surplus ... surplus ഇലേക്ക് മാറ്റി വെക്കാൻ നമ്മേ കൊണ്ട് സാധിച്ചിട്ടുണ്ട്. അത് വളരെ exemplary ആയിട്ടുള്ള നമ്മുടെ team ഇന്റെ performance കൊണ്ട് മാത്രം ആണ്, ഇതുപോലെ ഉള്ള achievement നമുക്ക് ഉണ്ടാക്കാൻ സാധിച്ചത്. എന്നിട്ടും ഈ വർഷം നമ്മൾ dividend ഒന്നും declare ചെയ്യുന്നില്ല. കാരണം നമ്മൾ കടന്നു പോകുന്ന പരിസ്ഥിതി എല്ലാവർക്കും അറിയാവുന്നതു ആണ്. വളരെ മോശമായിട്ടുള്ള situation ഇലിൽ കടന്നു പോകുന്നതുകൊണ്ടു to be double sure that we do not face any shock, any further shock അതിനു വേണ്ടിയിട്ടു നമ്മേ ഓർഗനൈസ് ചെയ്യാൻ വേണ്ടി മാത്രമായിട്ടു ആണ് ഈ surplus surplus ആയി തന്നെ മാറ്റിവെച്ചിരിക്കുന്നതു. ഇപ്പോൾ നമ്മുടെ capital base ആയിട്ടുള്ള 26 .02 Crores ഇനോട് ഒപ്പം ഈ 279 lakhs കൂടി ചേർത്ത് 28 .81 Crores ഇന്റെ ക്യാപിറ്റൽ... paid up capital and reserves നമ്മുടെ കയ്യിൽ ഉണ്ട്. വളരെ strong ആയിട്ടുള്ള position ഇൽ ആണ് നമ്മൾ മുന്നോട്ട് പോയികൊണ്ടു ഇരിക്കുന്നത്. Directors report ഇലെ പ്രസക്തമായ കാര്യങ്ങൾ ആണ് ഞാൻ ഇപ്പോൾ പറഞ്ഞത്. ഇതിൽ കൂടുതലായിട്ടു പിന്നെ ഉള്ളത് എല്ലാം statutory obligations മാത്രമേ അതിൽ കാണിച്ചിട്ടുള്ളു.

Financials.... Financials- ഇതേ കുറിച്ച് പറയുമ്പോൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ തന്നെ major ആയിട്ടുള്ള നാല് parameters - Deposits, Advances, Gold Loan, Capital and Reserves... ഇത് നാലും നമ്മൾ പ്രതീക്ഷിച്ച, നമ്മൾ set targets ഇന്നേ overflow... over reach ചെയ്യിച്ചു... നാല് targets ഉം നമ്മൾ overflow ചെയ്തത് ആയിരുന്നു കഴിഞ്ഞ വർഷം. 31st March ഇന് നമ്മൾ announce ചെയ്യുമ്പോൾ Deposits- 430 Crores

project ചെയ്തിടത്തു 442 Crores നമ്മൾ reach ചെയ്യാൻ സാധിച്ചു 442.68 crores അത് 103 Crores Grow ചെയ്തിട്ടാണ് 340 കോടിയിൽ നിന്നും 443 കോടിയിലേക്ക് ആണ് നമ്മൾ എത്തിയത്. 103 കോടി deposits grow ചെയ്തിട്ടാണ് ഈ level ഇൽ എത്തിയത് simlutaneously advances - 300 കോടി രൂപയിൽ അവസാനിച്ച കഴിഞ്ഞ financial year ഇൽ നിന്നും 403 കോടിയിലേക്ക് എത്തി അപ്പോൾ 103 crores അവിടെയും growth നമുക്ക് കാണിക്കാൻ സാധിച്ചു. ഒരു 103 crores deposit grow ചെയ്തപ്പോൾ same figure ആണ് advancesഇൽ നമ്മൾ grow ചെയ്തിരിക്കുന്നത് അതുകൊണ്ട് തന്നെ നമ്മുടെ CD ratio 93.80 ഇലേക്ക് എത്തി. ഒരു കമ്പനിക്ക് പ്രതീക്ഷിക്കാവുന്നതിലെ ഏറ്റവും highest ആയിട്ടുള്ള റേഷ്യോ ആണ് നമ്മൾ എത്തിച്ചേർന്നത്. അത് തന്നെ profit ഇനെ augment ചെയ്തു  സഹായിക്കുകയും ചെയ്തു . ചെയർമാൻ സൂചിപ്പിച്ചതു പോലെ നമ്മൾ thrust കൊടുത്തത് മുഴുവൻ ഗോൾഡ് ലോണിൽആയിരുന്നു. Gold loan എല്ലാവർക്കും അറിയാം liquidity wise that is the best. Advances portfolio യിൽ ഏറ്റവും കൂടുതൽ ഡിപെൻഡബിൾ ആയിട്ടുള്ള ഒരു portfolio ആണ് Gold loan. 173 Crores ഉണ്ടായിരുന്നത് cross ചെയ്തത് 263.82 അതായത് 264 Crores ഇൽ ആണ് നമ്മൾ എത്തിച്ചേർന്നത്. അതായത് 91 Crores നമ്മൾ grow ചെയ്തു .

Gold loan ഇൽ മാത്രം 91 Crores നമ്മൾ grow ചെയ്തതതിന്റെ reflection ആയിട്ട് നമ്മുടെ total interest earned on gold loan ഇൽ 25 കോടി ആണ് 2019 ഇൽ കാണിച്ചത് എങ്കിൽ അത് 38  കോടിയിലേക്ക് എത്തിക്കാൻ സാധിച്ചു. interest on advances  13 കോടി രൂപയുടെ growth നമുക്ക് grow ചെയ്യാൻ സാധിച്ചത്, എത്തിപ്പെടാൻ സാധിച്ചത് gold loan ഇലെ growth കൊണ്ട് മാത്രം ആണ്.

പിന്നെ ഉള്ള parameter, Capital and Reserves.  Rs.20.04 cr ഇൽ ആണ് നമ്മൾ open ചെയ്തത്. അത് paid up capital ഇലെ growth, net growth  മാത്രം ആറുകോടി രണ്ടുലക്ഷം ആയിരുന്നു. Rs26.02cr ഇൽ നമ്മൾ close ചെയ്തു . ആറുകോടി രൂപ നമുക്ക് ഈ ഒരു വർഷംകൊണ്ട് capital ഇൽ നമുക്ക് accumulate ചെയ്യാൻ സാധിച്ചു.. paid up capital ഇൽ 26.02  ആണ് capital എത്തി നിന്നതു. അതിനോട് ഒപ്പം തന്നെ ഈ net profit after tax 2 crores 79 lakhs കൂടെ add ചെയ്തിട്ട്  ആണ് 28.81 Crores എന്ന പൊസിഷനിലേക്ക് എത്തിച്ചേരാൻ സാധിച്ചിട്ടുണ്ട്. വളരെ comfortable  ആയിട്ടുള്ള പൊസിഷനിൽ  ആണ് ഇപ്പോൾ നമ്മൾ നില്ക്കുന്നത്. ഈ കമ്പനിയെ സംബന്ധിച്ചിടത്തോളം ഏതു തരത്തിലായാലും fundamentals ഇൽ വളരെ വളരെ strong ആയി വന്നുകൊണ്ട് ഇരിക്കുകയാണ് . ഇത് നമ്മുടെ capital base, capital adequacy ratio ചോദിച്ചു  കഴിഞ്ഞാൽ  1:20 എന്ന ഉള്ള  ആവശ്യത്തിന് പകരം 1:16 എന്ന് ഉള്ള level ഇൽ ആണ് നമ്മൾ ഇപ്പോൾ നില്ക്കുന്നത്. Further ആയിട്ട് നമ്മൾ അത് improve ചെയ്തു  കൊണ്ട് ഇരിക്കുകയാണ് ഓരോ വർഷം കൂടുമ്പോഴും. Reserves and Surplus ഞാൻ പറഞ്ഞു ഒരു ലക്ഷം ഉണ്ടായിരുന്നത് 279 lakhs ത്തിലേക്ക് എത്തിക്കാൻ സാധിച്ചു.

Revenue from operations ഇത് ഒരു key parameter ആണ്. Revenue from operations 43 കോടി ഉണ്ടായിരുന്നത് അമ്പത്തിയഞ്ചര കോടിയിലേക്ക് എത്തി അതായത് പന്ത്രണ്ടര കോടി രൂപ നമ്മൾ revenue from operations ഇൽ grow ചെയ്യാൻ സാധിച്ചു അതുകൊണ്ട് ഈ growth ആണ് നമ്മുടെ എല്ലാം ബാക്കി ഉള്ള കാര്യങ്ങളിൽ reflect ചെയ്തു വരുന്നത്. Gold loan ഇൽ നിന്നുള്ള interest കൂടുതൽ ഉള്ളതുകൊണ്ട് നമുക്ക് ഒരിക്കലും തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല . We are becoming strong and strong.

അതുതന്നെ financial cost നോക്കുകയാണെങ്കിൽ പന്ത്രണ്ടരകോടിയിൽ അധികം interest ഇൽ income earn ചെയ്തപ്പോൾ വെറും എട്ടര കോടിയെ നമുക്ക് spent ചെയ്യേണ്ടി വന്നിട്ടുള്ളൂ അതായത് ഇരുപത്തിഏഴ് കോടി അറുപതുലക്ഷം ഉണ്ടായിരുന്ന financial cost മുപ്പത്തിയാറു കോടി പതിനഞ്ചു ലക്ഷത്തിലേക്കു എത്തിയിട്ടുള്ളു. അപ്പോൾ എട്ടര കോടി രൂപ additionally spent ചെയ്തിട്ട് ആണ് നമ്മൾ പതിമൂന്നുകോടി രൂപ ലാഭം ഉണ്ടാക്കി എടുത്തത്. yield ഉണ്ടാക്കി എടുത്തത്. അപ്പോൾ അതിന്റെ margin തന്നെ നമ്മുടെ profit ഇലേക്ക് ഏറ്റവും കൂടുതലായിട്ടു contribute ചെയ്തിട്ടുണ്ട്.

പിന്നെ ഈ കാലയളവിൽ നാല് branches open ചെയ്തിരുന്നു, ആലുവയിൽ market, പിന്നെ കാസർഗോഡ് branch വളാഞ്ചേരി അതുകഴിഞ്ഞു February 7th ഇന് ഉപ്പള.. ഇങ്ങനെ നാല് സ്ഥലത്തു ആണ് branches open ചെയ്തത് .

വളരെ സന്തോഷകരമായ കാര്യം എന്താണ് എന്ന് വെച്ചാൽ ഈ നാല് branches ഉം open ചെയ്തു within a year, ഒരു വർഷം ആവുമ്പോഴേക്കും, അവർ self reliant ആയി break even point cross ചെയ്തിരിക്കുകയാണ്. ഏറ്റവും കൂടുതൽ ബിസിനസ് കാണിച്ചിട്ടുള്ള രണ്ടു branches ആലുവ മാർക്കറ്റും കാസറഗോഡ് ബ്രാഞ്ചും ആണ്. Total ബിസിനസ് മിക്സ് ഈ രണ്ടു branches യിലും നാല് കോടിയിൽ കൂടുതൽ ആണ് as on 31st March. February 7th ഇന് open ചെയ്ത ഉപ്പള branch അന്ന് gold loan 50 ലക്ഷത്തിനു അടുത്ത് portfolio ഉണ്ടായിരുന്നത് ഇന്ന് September 28 ഇൽ എത്തി നിൽക്കുമ്പോൾ 278 lakhs ആയി അവർ break even ചെയ്തു കഴിഞ്ഞിരിക്കുന്നു. വളാഞ്ചേരി branch ഉം തുടക്കത്തിൽ ചെറിയ ഒരു initial hiccups ഉണ്ടായിരുന്നെങ്കിലും now they have crossed ആ hurdle മാറ്റിവെച്ചു ഇപ്പോൾ അവർ grow ചെയ്തു കൊണ്ട് ഇരിക്കുന്നുണ്ട്. അവർക്കും ഒരു രണ്ടരക്കോടി ബിസിനസ് ഒരു portfolio mix ഉണ്ടാക്കി എടുക്കാൻ സാധിച്ചിട്ടുണ്ട് ഈ കഴിഞ്ഞ ഒരു.. ഒരു വർഷത്തിന് ഇടക്ക്. അപ്പോൾ നാല് branches open ചെയ്തതും നമ്മൾ plan ചെയ്തത് പോലെ ഉള്ള ബിസിനസ് growth ഇന് വളരെ ഏറെ supportive ആയിട്ട് ആണ് ഈ നാല് branches ഉം function ചെയ്തു കൊണ്ട് ഇരിക്കുന്നത്. ഈ വർഷം ഒരു branch മാത്രമേ നമ്മൾ open ചെയ്തുള്ളു. അത് വടക്കഞ്ചേരിയിൽ ആണ്. അത് relevant അല്ല അതുകൊണ്ട് ഞാൻ അതിനെ കുറിച്ച് കൂടുതൽ പറയുന്നില്ല.

Financials.. key parameters ഞാൻ എല്ലാം പറഞ്ഞ് കഴിഞ്ഞിരിക്കുന്നു. ഈ കമ്പനി ഇനിയുമിനിയും fullfledged ആയിട്ട് ഗ്രോ ചെയ്യും എന്ന് തന്നേ ആണ് നമ്മുടെ

പ്രതീക്ഷ. ചെയർമാൻ പറഞ്ഞതുപോലെ 850 കോടിയിൽ ഉണ്ടായിരുന്ന ബിസിനസ്.. അല്ല 646 ഇൽ  അവസാനിച്ച കഴിഞ്ഞ financial year ഇലെ figure  ഈ വർഷം അവസാനിച്ചപ്പോൾ അതു 850 ഇൽ എത്തിക്കാൻ സാധിച്ചു. ഇന്ന് as on 28th september 940 യിൽ നിൽക്കുകയാണ്. ഈ closing figures കൂടി വരുമ്പോൾ സാർ പറഞ്ഞത് പോലെ തന്നെ 950 cross ചെയ്യും എന്ന ആത്മവിശ്വാസം ഉണ്ട് അത് 1000 ത്തിൽ എത്താൻ എല്ലാവരുടെയും സഹായ സഹകരണം വേണം എന്ന് അഭ്യർത്ഥിക്കുന്നു. ഇതോടുകൂടി ഞാൻ എന്റെ report അവതരണം നിർത്തുകയാണ്. എന്തെങ്കിലും queries ഉണ്ടെങ്കിൽ ചോദിയ്ക്കാൻ ഉള്ള window open ചെയ്തു  തരാം.

അതിനു already ശ്രീ.ബാബു ജോർജ്, നമ്മുടെ respectable member, അദ്ദേഹം ഒരു query അയച്ചു തന്നിട്ടുണ്ട് . ഞാൻ replies to the query പറയുമ്പോൾ ആദ്യം ഇത് പറഞ്ഞിട്ട് മറ്റുള്ള queries ഇലേക്ക് കടക്കാം.  അത്, കാരണം എന്തെന്ന് വെച്ചാൽ അദ്ദേഹം ഒരു വിധം എല്ലാ points ഉം കവർ ചെയ്തിട്ടുണ്ട്, ഒരു comprehensive query ആണ് raise ചെയ്തിരിക്കുന്നത്. ഓരോന്ന് ആയിട്ട് ഞാൻ അത് വായിക്കുകയും ചെയ്യാം.

ഇത് വായിച്ചിട്ടു മതിയല്ലോ... ഇത് വായിച്ചിട്ടു മതിയല്ലോ... ഞാൻ ഇത്തിരി വെള്ളം കുടിച്ചോട്ടെ...

ശ്രീ.ബാബു ജോർജിന്റെ message ഞാൻ വായിക്കാം....

I am glad that there is considerable increase in deposits, advances, earning per share, and profit of the company during 2019-2020. This was possible due to the hard work of chairman, MD, Director board members and dedicated staff.

**മാനേജിങ് ഡയറക്ടർ:** എല്ലാവർക്കും ഒരു appreciation note ആണ് തന്നിരിക്കുന്നത് ആദ്യം.

Even though there is increase in profit, dividend is not declared, hence I request you to declare15% dividend for the year 2019-2020.

